**"CORRUPTION, A CRIME AGAINST NATION"**


**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**

**തീയതി 30.06.2023**

**"സഹകരണ സംഘം മുൻ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരെ വിജിലൻസ് കോടതി കഠിനതടവിന് ശിക്ഷിച്ചു".**

തിരുവനന്തപുരം പാച്ചല്ലൂർ സഹകരണ സംഘം മുൻ പ്രസിഡന്റ് J. കോമളൻ, സെക്രട്ടറി ജി. മോഹനകുമാർ, ഖജാൻജി എസ്. സുമ എന്നിവർ സൊസൈറ്റിയിൽ ജോലി വാഗ്ദാനം നൽകി ആളുകളിൽ നിന്നും സ്ഥിരനിക്ഷേപമായി വാങ്ങിയ തുക തിരിമറി നടത്തിയ കേസ്സിൽ കുറ്റക്കാരാണെന്ന് കണ്ടെത്തി തിരുവനന്തപുരം വിജിലൻസ് കോടതി മൂന്നു പേരെയും അഞ്ചുവർഷം വീതം കഠിന തടവിനും, ഒന്നര ലക്ഷം രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (30/06/2023) ശിക്ഷിച്ചത്.

01/04/2004 മുതൽ 31/03/2005 കാലയളവിൽ പാച്ചല്ലൂർ കോപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡന്റും, സെക്രട്ടറിയും, ഖജാൻജിയുമായിരുന്ന മൂന്നുപേരും ചേർന്ന് സൊസൈറ്റിയിൽ സ്ഥിര നിക്ഷേപമായി സ്വീകരിച്ച തുക ക്യാഷ് ബുക്കിലും, സ്ഥിര നിക്ഷേപ രജിസ്റ്ററുകളിലും തിരിമറി നടത്തി നിക്ഷേപകരെ കബളിപ്പിച്ച് 5,44,000/- രൂപ അപഹരിച്ചതിലേക്കു തിരുവനന്തപുരം വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. എസ് രാജേന്ദ്രൻ രജിസ്റ്റർ ചെയ്ത് പോലീസ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ജി ഉജ്ജ്വൽ കുമാർ അന്വേഷണം നടത്തി മുൻ ഡി.വൈ.എസ്.പി ശ്രീ. എസ് രാജേന്ദ്രൻ കുറ്റപത്രം സമർപ്പിച്ച കേസിൽ ആണ് പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തി തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് ശിക്ഷ വിധിച്ചത്. പ്രോസിക്യൂഷന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ ചെറുന്നിയൂർ ഉണ്ണികൃഷ്ണൻ. എസ് ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.